Reg. No. : ....................................

Name : ........................................

**FY-62**

**FIRST YEAR HIGHER SECONDARY EXAMINATION, JUNE 2022**

Part – II

Time : $2\frac{1}{2}$ Hours

Cool-off time : 15 Minutes

**മലയാളം**

**(MALAYALAM)**

Maximum : 80 Scores

**(Hearing Impaired)**

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.

**1 മുതൽ 8 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.** **(6 × 1 = 6)**

1. പ്രണയം അടിസ്ഥാന ഭാവമായിട്ടുള്ള കവിതയാണ് –

(മത്സ്യം, കുറത്തി, സന്ദർശനം, സംക്രമണം)

2. ഓർമ്മയുടെ ഞരമ്പ് എന്ന കഥയിൽ വൃദ്ധയുടെ മൂന്നാമത്തെ കഥയെ പറ്റി പ്രതിപാദിക്കുന്നണ്ട്. ആ കഥയാണ് –

(നെയ്പ്പായസം, ശസ്ത്രക്രിയ, ദുർമ്മരണം, ശേഖൂട്ടി)

3. വേരുകളിൽ ഒളിഞ്ഞിരിക്കുന്ന ഔഷധ മൂല്യം അറിയുന്ന അടച്ചിൽതൊട്ടി മുതുവക്കുടിയിലെ കാണിക്കാരൻ മൂപ്പൻ ആണ് –

(അരുണാചലം, ചെമ്പൻ, മുത്തയ്യ, കുമാരൻ)

4. വലക്കണ്ണികൾക്ക് അവനോളം ചെറുതാകാനായില്ല. ആരെ പറ്റിയാണിവിടെ പരാമർശിക്കുന്നത് ?

(മത്സ്യം, പൊൻചെമ്പകം, തിരുവാതിര, കയർ പൊട്ടിയ പമ്പരം)

5. വാക്കുകളുടെ നൃത്തമായി കവിതയെ വിശേഷിപ്പിക്കുന്നതാര് ?

(എം.എൻ. വിജയൻ, ഉള്ളൂർ, സച്ചിദാനന്ദൻ, എൻ.എ. നസീർ)

6. ഊഞ്ഞാലിൽ എന്ന കവിത ഏത് കവിതാ സമാഹാരത്തിൽ പെടുന്നു ?

(ശ്രീ രേഖ, അമാവാസി, രാഷ്ട്രതന്ത്രം, സന്ദർശനം)

7. ഇനിയും സൗകര്യം പോലെ വായിക്കാവുന്ന ഒരു ലഘു ഗ്രന്ഥമാണല്ലോ ഞാൻ. ഇങ്ങനെ പറഞ്ഞ കഥാകാരനാണ് ________

(തകഴി, വൈക്കം മുഹമ്മദ് ബഷീർ, പത്മരാജൻ, എം.ടി. വാസുദേവൻ നായർ)

8. “തള്ളയുടെ വിളി കേട്ട് ഓടുന്ന പൈതലിനെ ഞാൻ ഓപ്പറേഷൻ തിയേറ്ററിലേക്ക് കുതിച്ചു.” ശസ്ത്രക്രിയ എന്ന കഥയിലെ ഏത് കഥാപാത്രമാണ് ഇങ്ങനെ കുതിച്ചത് ?

(മകൻ, അമ്മ, ഭാര്യ, ഡോ. വേണുഗോപാൽ)

9. ചേരുംപടി ചേർത്തെഴുതുക : **(1 × 4 = 4)**

| കൃതി | കർത്താവ് |
|---|---|
| സിനിമയും സമൂഹവും | പി. ഭാസ്കരൻ |
| കൈപ്പാട് | ഒ.കെ. ജോണി |
| കായലരികത്ത് | ഗീതു മോഹനദാസ് |
| കേൾക്കുന്നുണ്ടോ | ബാബുകാമ്പ്രത്ത് |

10. പാഠ ഭാഗത്തിലെ ഏതാനും ചില പ്രയോഗങ്ങൾ താഴെ കൊടുക്കുന്നു. ഏത് പാഠഭാഗത്തിലേതെന്ന് കണ്ടെത്തുക. **(1 × 4 = 4)**

| | |
|---|---|
| • സന്ദർശനം | • വലക്കണ്ണികൾ |
| | • പൊൻചെമ്പകം പൂത്തകരൾ |
| • മത്സ്യം | • ചൂണ്ടക്കൊളുത്തുകൾ |
| | • കനക മൈലാഞ്ചി നീര് |

11. താഴെ തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

ആൾക്കൂട്ടത്തെപ്പോലെ തന്നെ ഈ ചിത്രത്തിലെ പ്രധാന ഘടകമാണ് സൈക്കിളുകൾ, ഒരു സൈക്കിൾ സ്വന്തമായുണ്ടായിരിക്കുക; അത് സുരക്ഷിതമായിരിക്കുക; എന്നതാണല്ലോ 'സൈക്കിൾ മോഷ്ടാക്കളിലെ' മർമ്മ പ്രധാനമായ കാര്യം. പണയപ്പീടികയിൽ വച്ചും മാർക്കറ്റിൽ വച്ചും സൈക്കിളുകളുടെ നീണ്ട നിരകൾ നാം കാണുന്നു. ആദ്യ ദൃശ്യത്തിൽ അയാളോട് സൗമനസ്യം കാട്ടുകയും പിന്നത്തെ ദൃശ്യത്തിൽ അയാളെ പരിഹസിക്കുകയും ചെയ്യുന്ന സൈക്കിളുകൾ അന്തരംഗത്തിൽ അയാളെ പ്രലോഭിപ്പിക്കുകയാണ്. സൈക്കിൾ മത്സരം, കളി കാണാൻ വന്നവരുടെ നീണ്ട നിര എന്നിവയെല്ലാം അയാളിൽ പ്രലോഭനത്തിന്റെ ഓളങ്ങൾ ഉയർത്തുമ്പോൾ കൂട്ടത്തിൽ നിന്നകന്ന് ഒറ്റപ്പെട്ടിരിക്കുന്ന ഒരു സൈക്കിൾ കവർന്നെടുക്കുക ഒരു സ്വാഭാവിക പ്രക്രിയയായി മാറുന്നു. **(4 × 1 = 4)**

(1) ആൾക്കൂട്ടത്തെപ്പോലെ തന്നെ ഈ ചിത്രത്തിലെ പ്രധാന ഘടകമെന്താണ് ?

(2) 'സൈക്കിൾ മോഷ്ടാക്കളിലെ' മർമ്മ പ്രധാനമായ കാര്യമെന്താണ് ?

(3) പണയ പീടികയിൽ വച്ചും മാർക്കറ്റിൽ വച്ചും നാം കാണുന്നത് എന്തൊക്കെയാണ് ?

(4) അയാളിൽ പ്രലോഭനങ്ങളുടെ ഓളങ്ങൾ ഉയർത്തുന്നത് എന്തൊക്കെ ആണ് ?

**12** മുതൽ **18** വരെ ഏതെങ്കിലും **4** ചോദ്യങ്ങൾക്ക് മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക. **(4 × 4 = 16)**

12. "ഓരോ വൃക്ഷവും വേരുകളിലൂടെ ആകാശത്തോളം ഉയർന്ന് നിൽക്കുന്നത് ആസ്വദിക്കണമെങ്കിൽ നാം വേരുകൾക്കൊപ്പം താഴണം" – ഇതുപോലെ കാട് നൽകുന്ന ജീവിത പാഠങ്ങൾ എന്തൊക്കെയാണെന്ന് കണ്ടെത്തുക ?

13. 'അവൻ ഒരു കഥയിലും പിടി കൊടുത്തില്ല' – (മത്സ്യം) – ഈ വരികളിലൂടെ സൂചിതമാകുന്ന ആശയം വ്യക്തമാക്കുക ?

14. 'കായലരികത്ത് ' എന്ന ചലച്ചിത്ര ഗാനത്തിലെ നാട്ടു ഭാഷാ പ്രയോഗങ്ങൾ അതി മനോഹരങ്ങളാണ്. പാഠ ഭാഗത്ത് നിങ്ങൾ കണ്ടെത്തിയിട്ടുള്ള നാട്ട് ഭാഷാ പ്രയോഗങ്ങൾ രേഖപ്പെടുത്തുക.

15. ലാത്തിയും വെടിയുണ്ടയും എന്ന നോവൽ ഭാഗത്തിലെ ബാലൻ സാമൂഹിക പ്രശ്നങ്ങളോട് പ്രതികരിക്കുന്നത് നമുക്ക് ഊർജ്ജം പകരുന്നുണ്ടോ ? വിലയിരുത്തുക ?

16. കാഴ്ചയില്ലാത്ത കുട്ടിയുടെ അനുഭവ ലോകമാണ് 'കേൾക്കുന്നുണ്ടോ' – എന്ന ഹ്രസ്വചിത്രത്തിനുള്ളത്. ഈ പേര് ഈ സിനിമക്ക് എത്രമാത്രം അനുയോജ്യമാണ്. നിങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുക.

17. അമ്മയോടുള്ള വീടാക്കടമാണ് ഓരോ മക്കളുടെയും ജീവിതം. കെ.പി. രാമനുണ്ണിയുടെ 'ശസ്ത്രക്രിയ' എന്ന കഥ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക ?

18. ശ്രീകൃഷ്ണന് അമ്മയോടുള്ള സ്നേഹം 'പീലിക്കണ്ണുകൾ' എന്ന കാവ്യ ഭാഗത്തിന്റെ അന്തർധാരയായി വർത്തിക്കുന്നു – ഈ പ്രസ്താവനയെ വിലയിരുത്തുക ?

19. പാഠ ഭാഗവുമായി ബന്ധപ്പെട്ട ചില വാക്കുകൾ താഴെ ചേർക്കുന്നു. ഏത് പാഠ ഭാഗത്തിലേതെന്ന് കണ്ടെത്തി എഴുതുക. **(6 × 1 = 6)**

| | |
|---|---|
| ദ്വേധാ നാരായണീയം | ഒരു കുറ്റിച്ചൂല് |
| പാൽവെണ്ണ | ദീവട്ടിക്കൊള്ള |
| ഒരു നാറത്തേപ്പ് | ചിറ്റാട |

| വാസനാവികൃതി | സംക്രമണം | പീലിക്കണ്ണുകൾ |
|---|---|---|
| • | • | • |
| • | • | • |

20. താഴെ കൊടുത്തിരിക്കുന്ന പത്രവാർത്തക്ക് ഉചിതമായ തലക്കെട്ട് നൽകി സംഗ്രഹിക്കുക. **(6)**

തിരുവനന്തപുരം :

ആരോഗ്യ രംഗത്ത് കേരളത്തിന് മൂന്ന് ദേശീയ പുരസ്കാരങ്ങൾ ലഭിക്കുകയുണ്ടായി ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനത്തിനുള്ള അവാർഡ് ഉൾപ്പെടെ മൂന്ന് ദേശീയ പുരസ്കാരങ്ങളാണ് കേരളത്തിന് ലഭിച്ചത്. കേന്ദ്ര ആരോഗ്യമന്ത്രി മൻസുഖ് മാണ്ഡവ്യയാണ് അവാർഡ് പ്രഖ്യാപിച്ചത്. ആയുഷ്മാൻ ഭാരത് പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ ലഭ്യമാക്കിയ സർക്കാർ ആശുപത്രിക്കുള്ള അവാർഡ് കോട്ടയം മെഡിക്കൽ കോളേജ് കരസ്ഥമാക്കി കഴിഞ്ഞ മൂന്ന് വർഷ കാലയളവിൽ രണ്ട് കോടി സൗജന്യ ചികിത്സയാണ് പദ്ധതി പ്രകാരം രാജ്യത്ത് ആകെ നടപ്പിലാക്കിയത്. ഇതിൽ 27.5 ലക്ഷം സൗജന്യ ചികിത്സ ലഭ്യമാക്കിയത് കേരളത്തിൽ നിന്ന് മാത്രമാണ്.

**21** മുതൽ **26** വരെ ഏതെങ്കിലും **3** ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. **(3 × 6 = 18)**

21. അതി ജീവനത്തിന്റെ പുതിയ കാല ചിത്രമാണ് 'മത്സ്യം' എന്ന കവിതയിൽ ടി.പി. രാജീവൻ ആവിഷ്കരിക്കുന്നത്. ഈ ആശയത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ. സമർത്ഥിക്കുക ?

22. സ്വാതന്ത്ര്യ സമരത്തിന്റെ ആവേശഭരിതമായ ഒരു ഉജ്ജ്വല മുഹൂർത്തം അവതരിപ്പിക്കുന്നതോടൊപ്പം സാമൂഹിക ജീവിതവും വ്യക്തി ജീവിതവും തമ്മിലുള്ള സംഘർഷവും അനാവരണം ചെയ്യുന്നു – 'ലാത്തിയും വെടിയുണ്ടയും' – സമർത്ഥിക്കുക ?

23. 'ഓർമ്മയുടെ ഞരമ്പ് ' എന്ന കഥയിലെ വൃദ്ധ എന്ന കഥാപാത്രത്തിന്റെ സ്വാഭാവ സവിശേഷതകൾ നിങ്ങൾക്കിഷ്ടമായോ ? കഥാപാത്ര നിരൂപണം നടത്തുക ?

24. എന്നെ പറ്റി നിനക്കെല്ലാം അറിയാം ഇനിയും സൗകര്യം പോലെ വായിക്കാവുന്ന ഒരു ലഘു ഗ്രന്ഥമാണല്ലോ ഞാൻ (അനർഘ നിമിഷം) ഈ പ്രസ്താവനയുടെ പൊരുൾ കണ്ടെത്തുക.

25. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ആത്മ ബന്ധത്തിന്റെ മനോഹരമായ ആവിഷ്കാരമാണ് 'കൈപ്പാട്' – വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക ?

26. മനുഷ്യന്റെ നശ്വരമായ ശരീരം കൊണ്ട്, അനശ്വരമായ കാരുണ്യ പ്രവർത്തികളുടെ മഹിമ ചോരാത്ത അധ്യായങ്ങൾ രചിക്കാൻ കഴിയും എന്ന് 'അനുകമ്പ' എന്ന പാഠ ഭാഗത്തിലൂടെ ശ്രീനാരായണഗുരു നമ്മെ ഓർമ്മിപ്പിക്കുന്നു – സമർത്ഥിക്കുക ?

**27** മുതൽ **29** വരെ ചോദ്യങ്ങളിൽ ഏതെങ്കിലും **2** എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. **(2 × 8 = 16)**

27. പ്രണയതീരത്ത് സാന്ത്വനം കൊള്ളാൻ കൊതിക്കുമ്പോഴും അതിനാവാതെ പിടയുന്ന ഒരു വിഹ്വല മനസ്സിന്റെ യാത്രാ രേഖയാണ് 'സന്ദർശനം' എന്ന കവിത. ഈ നിരീക്ഷണവുമായി ബന്ധിപ്പിച്ച് സന്ദർശനം എന്ന കവിതക്ക് ഒരു ആസ്വാദനം തയ്യാറാക്കുക ?

28. 'ഊഞ്ഞാലിൽ' – എന്ന കവിത ജീവിതത്തെ ഓരോ മാത്രയിലും പ്രത്യാശയോടെ സമീപിക്കാൻ പ്രേരിപ്പിക്കുന്ന ഒരു രചനയാണ്. ഈ പ്രസ്താവന ശരിയാണോ എന്ന് പരിശോധിക്കുക ?

29. 'ബൈസിക്കിൾ തീവ്സ് ' – ഒരു സൈക്കിൾ മോഷണത്തിന്റെ കഥയല്ല; മോഷ്ടാക്കളെ സൃഷ്ടിക്കുന്ന വ്യവസ്ഥിതിയുടെ കഥയാണ്. ഈ അഭിപ്രായത്തോട് നിങ്ങൾക്കുള്ള പ്രതികരണം വ്യക്തമാക്കുക ?